# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1986

## 2020 മാർച്ച് 11 ന് മറുപടി നൽകേണ്ടത്

### പദ്ധതി പ്രവൃത്തികൾ പ്രാബല്യത്തിലാക്കുന്നതിലെ പ്രതിസന്ധി

| ക്രമ നം. | ചോദ്യം<br>ശ്രീ.എം. ഉമ്മർ | മറുപടി<br>ഡോ.റ്റി. എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | വരുമാനവും ചെലവും തമ്മിലുള്ള വൻ അന്തരം പദ്ധതി പ്രവൃത്തികൾ പ്രാബല്യത്തിലാക്കുന്നതിൽ പ്രതിസന്ധി സൃഷ്ടിക്കുമെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | വരവിന്റെയും ചെലവിന്റെയും വളർച്ചാ നിരക്കിലുള്ള അന്തരം വർദ്ധിച്ചുവരുന്ന പ്രവണത കഴിഞ്ഞ കുറച്ച് വർഷങ്ങളായി സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. വരവിലും ചെലവിലും വരുന്ന ഈ അന്തരം വാർഷിക പദ്ധതിയ്ക്ക് ആവശ്യമായ പണം ലഭ്യമാക്കുന്നതിൽ വിഘാതമായി തീർന്നിട്ടുണ്ട്. ധനക്കമ്മിയും റവന്യൂ കമ്മിയും അനുവദനീയമായ പരിധിയിൽ നിലനിർത്തുവാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ആകെ ചെലവുകൾ അനുവദനീയമായ വായ്പ ഉൾപ്പെടെയുള്ള വരുമാനത്തിനകത്ത് നിർത്തുന്നതിന് കർശനമായ സാമ്പത്തിക അച്ചടക്കം അനിവാര്യമാണ്. നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിച്ചുകൊണ്ടും ധൂർത്തും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പുലർത്തിയുമുള്ള നടപടികളിലൂടെ സാമ്പത്തിക അച്ചടക്കം ഉറപ്പ് വരുത്തുവാനാണ് സർക്കാർ ശ്രമിച്ചു വരുന്നത് |
| (ബി) | പദ്ധതി ചെലവുകൾക്കായി നീക്കിവെച്ച തുക കണ്ടെത്താൻ സാധിക്കാത്തതിന്റെ ഫലമായി കഴിഞ്ഞ മൂന്ന് വർഷം പ്രഖ്യാപിത പദ്ധതികൾ വെട്ടിച്ചുരുക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; വിശദാംശം നൽകുമോ? | 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ വെട്ടിക്കുറവ് വരുത്തിയിരുന്നില്ല. എന്നാൽ, 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെ തുടർന്ന് പദ്ധതികളുടെ മുൻഗണനാ പുനക്രമീകരണം നടത്തുവാൻ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനെ തുടർന്ന്, പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ് എന്നിവ ഒഴികെയുള്ള വകുപ്പുകളുടെ 2018-19 |

| | | |
|---|---|---|
| | | ലെ പദ്ധതിയടങ്കലിൽ 20% കുറവ് വരുത്താൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതേ സമയം, 2018-19 വാർഷിക പദ്ധതിയിൽ 76.32% വിവിധ വകുപ്പുകൾ ചെലവഴിച്ചിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ